**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 917** **10-06-2021 - ൽ മറുപടിയ്ക്ക്**

**മോഡൽ റസിഡൻഷ്യൽ സ്കൂളിലെ പ്ലസ്ടു കോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri V Sivankutty<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | തൃക്കരിപ്പൂർ മണ്ഡലത്തിലെ കൊടക്കാട് പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾ പഠിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിൽനിന്നും 10 വർഷങ്ങൾ മുമ്പേതന്നെ എസ്.എസ്.എൽ.സി. ബാച്ച് പുറത്തുവന്നെങ്കിലും തുടർപഠനത്തിന് ഇവിടെ പ്ലസ്ടു കോഴ്സ് അനുവദിക്കാത്തതിനാൽ എസ്.സി. വിഭാഗം കുട്ടികൾ ഏറെ പ്രയാസത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ പ്ലസ്ടു കോഴ്സ് എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (എ) | കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കുന്നതിനായി ലഭിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ പ്രസ്തുത സ്കൂളിൽ നിലവിലുണ്ടായിരുന്നില്ല. എന്നാൽ കിഫ്ബി വഴി ലഭ്യമായ തുക വിനിയോഗിച്ച് പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത സ്കൂളിൽ ഹയർ സെക്കണ്ടറി അനുവദിക്കണമെന്ന ആവശ്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ